എച്ച്. സി.130, വനിതാ എ.എസ്.ഐ 4, (അതില്ല എന്നാണ് പറഞ്ഞത്) വനിതാ എസ്.ഐ.51, വനിതാ സി.ഐ. 11, വനിതാ പോലീസ് വിഭാഗത്തിൽ വിവിധ തസ്തികകളിൽ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് പ്രസ്തുത ഒഴിവുകൾ നിയമാനുസൃതമായിട്ടുള്ള പ്രൊമോഷനിലൂടെ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നതാണ്.

(4) പെരിന്തൽമണ്ണയിൽ ഒരു ഫയർ സ്റ്റേഷൻ അനുവദിക്കേണ്ടതിന്റെയും മില്ലുടമകൾക്ക് സാമ്പത്തിക സഹായം നൽകേണ്ടതിന്റെയും ആവശ്യകത

ശ്രീ. നാലകത്ത് സൂപ്പി : സർ, പെരുന്തൽമണ്ണയിൽ അടിയ്ക്കടിയുണ്ടാകുന്ന തീപിടിത്തം ഇതിന് മുമ്പ് സഭയിൽ പറഞ്ഞതാണ്. കഴിഞ്ഞ രണ്ടുകൊല്ലത്തിനിടയിൽ നാല് തീപിടിത്തമുണ്ടായി. ഇവിടെ ഈ കഴിഞ്ഞ ദിവസവും പൊന്നിയാർക്കുറിശ്ശിയിലെ പാറപ്പുറത്ത് അബ്ദുൾ ഖാദർ എന്ന ഒരാളുടെ മരമില്ല് കത്തി ഏതാണ്ട് പത്ത് ലക്ഷത്തോളം രൂപയുടെ നാശനഷ്ടമുണ്ടായി. പെരുന്തൽമണ്ണ ഫയർസ്റ്റേഷന് നേരത്തെ ഒരു പ്രൊപ്പോസലുണ്ടായിരുന്നു. അത് ഇതുവരെ നടപ്പിലാക്കിയിട്ടില്ല. മലപ്പുറത്ത് വിവരമറിയിച്ച് മലപ്പുറത്തുനിന്നും വേണം ഫയർ എഞ്ചിൻ വന്ന് തീകെടുത്താനുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കാര്യത്തിൽ താല്പര്യമെടുക്കണം. മുനിസിപ്പാലിറ്റി ഫയർസ്റ്റേഷന് സ്ഥലം കൊടുത്തിട്ടുണ്ട്. ഫയർസ്റ്റേഷന് നേരത്തെ അനുമതി തരാമെന്ന് പറഞ്ഞിരുന്നതാണ്. താൽക്കാലികമായി നടത്താനുള്ള കെട്ടിടവും സൗകര്യവും തരാൻ മുനിസിപ്പാലിറ്റി തയ്യാറാണ്. അവിടെ ഒരു ഫയർ സ്റ്റേഷൻ അടിയന്തിരമായി അനുവദിക്കണം. നഷ്ടപരിഹാരം നൽകാൻ നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, 29 പുതിയ ഫയർസ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള മുൻഗണനാ ലിസ്റ്റ് സർക്കാർ അംഗീകരിച്ചു കഴിഞ്ഞു. അതിൽപെരുന്തൽമണ്ണയും ഉൾപ്പെടും. പെരുന്തൽമണ്ണ വില്ലേജിൽ 40 സെന്റ് സ്ഥലം ഫയർഫോഴ്സിന്റെ കൈവശമുണ്ട്. കെട്ടിടം ലഭ്യമാകുന്ന മുറയ്ക്കും, ഫണ്ടിന്റെ ലഭ്യത കണക്കിലെടുത്തും ഫയർസ്റ്റേഷൻ ആരംഭിക്കുന്നതാണ്. 19-2-2001-ൽ മലപ്പുറം ജില്ലയിൽ പാറപ്പുറത്ത് അബ്ദുൾ ഖാദറിന്റെ പൊന്നിയാർക്കുറിശ്ശിയിലുള്ള മരമില്ല് കത്തി പരക്കെയുള്ള തീപിടിത്തം മൂലം 10 ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായെന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. നാല് ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായിയെന്നാണ് എനിക്ക് കിട്ടിയ റിപ്പോർട്ട്. തീപിടിത്തത്തിൽ നഷ്ടം സംഭവിച്ചവർക്ക് ഫയർഫോഴ്സ് വകുപ്പിൽ നിന്നും സാമ്പത്തിക സഹായം നൽകാൻ പദ്ധതി ഇല്ല. ഇത് പരിശോധിക്കാൻ റവന്യൂ വകുപ്പിന് നിർദ്ദേശം. നൽകിയിട്ടുണ്ട്.

(5) നാടാർ - മുസ്ലീം പെൺകുട്ടികൾക്ക് നൽകിവരുന്ന ലംപ്സം ഗ്രാന്റ് തുടർന്ന് നൽകേണ്ടത് സംബന്ധിച്ച്

ശ്രീ. എൻ. സുന്ദരൻ നാടാർ : സർ, പിന്നോക്ക വിഭാഗങ്ങളായ നാടാർ സമുദായത്തിലെ പെൺകുട്ടികൾക്കും മുസ്ലീം സമുദായത്തിലെ പെൺകുട്ടികൾക്കും വിദ്യാഭ്യാസാനുകൂല്യമായി നൽകിവരുന്ന ലംപ്സം ഗ്രാന്റ് തുക നൽകാതായിട്ട്

LIBRARY ARCHIVES Kerala Legislative Assembly